ഉകന്ദ്രങ്ങളിലെ ജീവനക്കാർ ആ കാര്യത്തിൽ നിവേദനം നടത്തുകയും തിരുവനന്തപുരത്തും കോഴിക്കോട്ടും ഉള്ള ജീവനക്കാർക്കുകൂടി അതു കൊടുക്കുന്നതിനു പേ കമ്മീഷൻ ശുപാർശ നടത്തുകയും ചെയ്തിട്ടുണ്ട്. അങ്ങനെയാണ് അവർക്ക് ഈ ആനുകൂല്യം കിട്ടിയിട്ടുള്ളതു്.

ശ്രീ. കെ. എം. ജോർജ്ജ്: കേന്ദ്രാലം മദ്രാസിലേയ്ക്കു കൈമാറ്റം ചെയ്യുന്നതു നിയമവിധേയമാണോ എന്ന കാര്യം പരിശോധിക്കുകയാണെന്നു പറഞ്ഞു. അവിടെ രണ്ടു കെട്ടിടങ്ങൾ ഉണ്ടെന്നാണ് അറിയുന്നതു്. രണ്ടും അവർക്ക് ആവശ്യമാണെന്നുള്ളതുകൊണ്ടാണോ, അതോ നമുക്കു കുറച്ചുകൂടി ലാഭകരമായ വില കിട്ടണമെന്നുള്ളതുകൊണ്ടാണോ അതു പരിശോധിക്കുവാനുള്ള കാരണം?

ശ്രീ. ടി. കെ. ദിവാകരൻ: രണ്ടും കിട്ടിയാൽ കൊള്ളാം എന്നുള്ള ആഗ്രഹം ഉണ്ടു്. അതുപോലെതന്നെ ഇപ്പോൾ വാഗ്ദാനം ചെയ്തിട്ടുള്ളതിൽ കൂടുതൽ തുക ലഭിക്കണമെന്നുള്ള ആഗ്രഹവും ഉണ്ടു്.

ശ്രീ. ബി. മാധവൻനായർ: സർ, എന്റെ ചോദ്യത്തിനു വ്യക്തമായ മറുപടി കിട്ടിയില്ല. സംസ്ഥാനത്തിനു പുറത്തു ഈ ഗവണ്മെന്റു നടത്തുന്ന ഇത്തരം സ്ഥാപനങ്ങളിൽ മലയാളികളായ ജീവനക്കാർ ഉണ്ടു്. അവർക്കുകൂടി ഈ ആനുകൂല്യം നീട്ടികൊടുക്കുവാൻ സാധിക്കുമോ എന്നാണു് ഞാൻ ചോദിച്ചതു്?

ശ്രീ. ടി. കെ. ദിവാകരൻ: മലയാളികൾ എന്നുള്ള നിലയിലല്ല അലവൻസു് കൊടുക്കുന്നതു്. തിരുവനന്തപുരം, കോഴിക്കോടു്, എറണാകുളം എന്നീ ടൂറിസ്റ്റു ഹൗസുകളിൽ കൂടുതൽ വി. ഐ. പി. താമസിക്കുന്ന പതിവുള്ളതുകൊണ്ടു് അവിടുള്ള ജോലിക്കാർക്ക് അധികസമയം ജോലിചെയ്യേണ്ടതുണ്ടു്. അതിലേയ്ക്കു ഒരു പത്തു രൂപ കൂടുതൽ അലവൻസു് നൽകുകയാണു്. അതുതോളം താമസക്കാർ കന്യാകുമാരിയിൽ ഉണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ടു അവർക്കു കൊടുക്കുന്ന കാര്യം പരിഗണിച്ചിട്ടില്ല.

ശ്രീ. പി. എം. അബൂബേക്കർ: ഏതെല്ലാം ടൂറിസ്റ്റു ബംഗ്ലാവുകളാണു് ലാഭകരമായി പ്രവർത്തിയ്ക്കുന്നതെന്നു പറയാമോ?

ശ്രീ. ടി. കെ. ദിവാകരൻ: നമ്മുടെ ടൂറിസ്റ്റു ബംഗ്ലാവുകളിൽ പ്രത്യേകമായി ഓരോ ബംഗ്ലാവിനേയും സംബന്ധിച്ചുള്ള ലാഭനഷ്ടക്കണക്കുകൾ ഇല്ല. ഓരോന്നിനേയും സംബന്ധിച്ചു ലാഭനഷ്ടക്കണക്കെടുത്തില്ലെങ്കിലും ഒരു അക്കൗണ്ടു വേണമെന്നു അടുത്ത കാലത്തു നിർദ്ദേശിച്ചിട്ടുണ്ടു്.

കശുവണ്ടി കയർവ്യവസായ കോർപ്പറേഷനുകൾ

* 118. [417] ശ്രീ. എം. കെ. ദിവാകരൻ
,, പി. ഉണ്ണികൃഷ്ണപിള്ള
} താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുഅണ്ടി, കയർവ്യവസായ കോർപ്പറേഷനുകളുടെ രൂപീകരണത്തിനുള്ള പ്രാരംഭ പ്രവർത്തനം എത്രമാത്രം പുരോഗമിച്ചിട്ടുണ്ടു്;

(ബി) ഈ കോർപ്പറേഷനുകൾ എന്തെല്ലാം പ്രവർത്തനങ്ങളാണു് ഏറ്റെടുക്കാൻ പോകുന്നതു്;

(സി) ഇതിന്റെ മൂലധനം എന്തായിരിക്കും;

(ഡി) ഈ കോർപ്പറേഷൻ എന്നത്തേക്കു് ഉൽഘാടനം ചെയ്യാൻ കഴിയുമെന്നു് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എത്ര കശുവണ്ടി വ്യവസായശാലകളാണ് കോർപ്പറേഷന്റെ കീഴിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്?

വ്യവസായ മന്ത്രി (ശ്രീ. ടി. വി. തോമസ്):

(എ) കശുവണ്ടി, കയർ കോർപ്പറേഷനുകളും 19-7-1969-ൽ രജിസ്റ്റർ ചെയ്യുകയും അവയ്ക്ക് ഡയറക്ടർബോർഡുകളും രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഈ കോർപ്പറേഷനുകളും ഏറ്റെടുക്കാൻ പോകുന്ന മുഖ്യമായ പ്രവർത്തനങ്ങളും മേശപ്പുറത്തു വെച്ചിട്ടുള്ള രണ്ടു പ്രസിദ്ധീകരണങ്ങളിലും വിശദീകരിച്ചിട്ടുണ്ട്. *

(സി) ഈ കോർപ്പറേഷനുകളോരോന്നിന്റെയും അധികൃതമൂലധനം (Authorised Capital) അമ്പതുലക്ഷം രൂപവീതവും അടവു മുതൽ (paid up share capital) ഇരുപത്തഞ്ചുലക്ഷം രൂപ വീതവും ആയിരിക്കും.

(ഡി) താമസിയാതെ ഉൽഘാടനം ചെയ്യാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

(ഇ) ഇക്കാര്യത്തിൽ തീരുമാനമൊന്നും എടുത്തിട്ടില്ല.

ശ്രീ എം. കെ. ദിവാകരൻ: ഈ കാർപ്പറേഷൻ മുഖാന്തിരം എത്രമാത്രം തൊഴിലാളികൾക്കു ആശ്വാസം നൽകാൻ കഴിയും?

ശ്രീ. ടി. വി. തോമസ്: കോർപ്പറേഷന്റെ കഴിവനുസരിച്ചു കൂടുതൽ ജോലി ഏറ്റെടുക്കുന്നതാണ്. അതിനനുസരിച്ചു ഉണ്ടാകുന്ന തൊഴിലും ലഭിക്കും.

ശ്രീ. എം. കെ. ദിവാകരൻ: വലിയവിഭാഗം തൊഴിലാളികളും പണിയെടുക്കുന്ന കശുവണ്ടി വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ രക്ഷിക്കുവാൻ ഈ അൻപതുലക്ഷം രൂപ മൂലധനംവച്ചിട്ടുള്ളതു തീരെ അപര്യാപ്തമായിട്ടുള്ളതുകയാണെന്നുള്ളതു ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. വി. തോമസ്: അൻപതു ലക്ഷം രൂപ വ്യവസായത്തിന്റെ വർക്കിംഗ് ക്യാപ്പിറൽ അല്ല. അതു മൂലധനമാണ്. വർക്കിംഗ് ക്യാപ്പിറൽ ബാങ്കിൽനിന്നും ലഭിക്കുന്നതാണ്.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: ഭാവിയിൽ നമുക്കു ആവശ്യമായ തോട്ടണ്ടി ആഫ്രിക്കയിൽനിന്നും ലഭിക്കുകയില്ല എന്നുള്ളതുകൊണ്ടു കൂടുതൽ കശുവണ്ടി ഉൽപ്പാദിപ്പിക്കുന്നതിനു ആവശ്യമായ തോട്ടങ്ങളും ഉണ്ടാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുമോ?

ശ്രീ. ടി. വി. തോമസ്: കോർപ്പറേഷന്റെ മുഖ്യമായ ഉദ്ദേശം തന്നെ നമ്മുടെ രാജ്യത്തുതന്നെ കൂടുതൽ കശുവണ്ടി ഉൽപ്പാദിപ്പിക്കുക എന്നുള്ളതാണ്. അതിലേയ്ക്കു കോർപ്പറേഷൻ ഒരു പരിപാടി അംഗീകരിക്കുന്നതാണ്.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: കശുവണ്ടി വ്യവസായം ഏറ്റെടുത്തു നടത്തുക എന്നുള്ളതാണ് ഇതിന്റെ ഉദ്ദേശമെങ്കിൽ ഇതിനെ സംബന്ധിച്ചു എന്തെങ്കിലും അവസാന തീരുമാനം എടുക്കുന്നതിനു താമസം എന്താണെന്നു പറയാമോ?

ശ്രീ. ടി. വി. തോമസ്: ബോർഡാണ് അവസാന തീരുമാനം എടുക്കേണ്ടതു. ഗവണ്മെന്റിനു ചെയ്യാൻ കഴിയുന്നതു രജിസ്റ്റർ ചെയ്യുക, ആവശ്യമായ മൂലധനം നിക്ഷേപിക്കുക, വർക്കിംഗ് ക്യാപ്പിറൽ ഏർപ്പാടു ചെയ്യുക തുടങ്ങിയ കാര്യങ്ങളാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: ഓപ്പൺ ലൈസൻസ് നൽകുന്നതുകൊണ്ടാണ് തോട്ടണ്ടിയിൽ കോംപെറ്റീഷൻ ഉണ്ടാകുന്നതു. അതുകൊണ്ടു ഓപ്പൺ ലൈസൻസിംഗ് സംമ്പ്രദായം നിറുത്തലാക്കിയിട്ടു വിദേശത്തുനിന്നും ചരക്കിറക്കുന്നതിനു അവകാശം കൊടുക്കുന്നതിനു കേന്ദ്രത്തിൽ വേണ്ട സമ്മർദ്ദം ചെലുത്തുമോ?

* Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. വി. തോമസ്: കാപ്പൺ ലൈസൻസ് പ്രകാരം വെളിയിൽനിന്നും വാങ്ങുന്നതിനു് യാതൊരു തടസ്സവും ഇല്ല. എന്നാൽ നമ്മുടെമാത്രം അവകാശമായിട്ട കരുതുവാൻതുടങ്ങിയാൽ മഹാരാഷ്ട്ര, മൈസൂർ തുടങ്ങിയ സ്ഥലങ്ങളിലും ഈ വ്യവസായമുണ്ടു്, അവരുടെ എതിർപ്പിനെ നേരിടേണ്ടിവരും.

ശ്രീ ഇ. ചന്ദ്രശേഖരൻനായർ: സ്റ്റേറ്റ ടെയ്ഡിംഗ് കാർപ്പറേഷനിൽനിന്നും ഇത്തരം മൊണാപ്പിളിയായിട്ട ലൈസൻസ് കൊടുക്കണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ?

ശ്രീ. ടി. വി. തോമസ്: അങ്ങനെ നിവേദനം നടത്തിയിട്ടുണ്ടു്. കശുവണ്ടി കാർപ്പറേഷൻ ബോർഡിൽ ഡവലപ്പുമെന്റു കാർപ്പറേഷൻ ചെയർമാനും കാഷ്യു എക്സ്പോർട്ട പ്രമോഷൻ കൗൺസിൽ ചെയർമാനും ഉണ്ടു്.

ശ്രീ. ഇ. അഹമ്മദ്: ഈ ബോർഡ് മെമ്പറന്മാരുടെ പേരുവിവരം ഈ സഭയുടെ അറിവിലേക്കായി പറയാമോ?

ശ്രീ. ടി. വി. തോമസ്: അതു ഇപ്പോൾ എന്റെ കൈവശമില്ല. എല്ലാ പത്രങ്ങളിലും വന്നിട്ടുള്ള കാര്യമാണു്. വേണമെങ്കിൽ രണ്ടു ദിവസത്തിനുള്ളിൽ മേശപ്പുറത്തു വയ്ക്കാം.

ശ്രീ. ഇ. അഹമ്മദ്: ഈ ബോർഡ് മെമ്പറന്മാരിൽ മലബാർ ഭാഗത്തുനിന്നും ആരേയും ഉൾപ്പെടുത്തിയിട്ടില്ലാത്തതുകൊണ്ടും മലബാർഭാഗത്തെ ഒരു സജീവമായ വ്യവസായമായതുകൊണ്ടും അവിടെയുള്ള ഒരാളെക്കൂടി ഇതിൽ ഉൾപ്പെടുത്തുവാൻ ശ്രമിക്കുമോ?

ശ്രീ. ടി. വി. തോമസ്: കശുവണ്ടി വ്യവസായം മലബാർ ഭാഗത്തും ഉണ്ടെങ്കിലും കൊല്ലത്തും കൊട്ടാരക്കരയും കരുനാഗപ്പള്ളിയിലും ഉള്ളതുപോലെ വളരെ വമ്പിച്ചതോതിൽ ഇല്ല. അവിടെ താരതമ്യേന വളരെ ചെറുതായ തോതിലാണു് ഈ വ്യവസായം നടത്തുന്നതു്. ജോയിന്റു സ്റ്റാക്കുകമ്പനികളെപോലെ ക്ലിപ്തപ്പെടുത്തിയ ബോർഡിൽ എല്ലാ ഭാഗത്തും ഉള്ളവർക്കു പ്രാതിനിദ്ധ്യം നൽകാൻ സാദ്ധ്യമല്ല.

ശ്രീ. ആർ. എസ്. ഉണ്ണി: കശുവണ്ടി കോർപ്പറേഷന്റെ പ്രവർത്തനം അടുത്ത വർഷം മുതൽ ആരംഭിക്കണമെങ്കിൽ, അടുത്തമാസംമുതൽ ആഫ്രിക്കൻ രാജ്യങ്ങളിൽ നടക്കുന്ന കശുവണ്ടി ലേലത്തിൽ പങ്കെടുത്തു് ആവശ്യമായ കശുവണ്ടി വാങ്ങിക്കുന്നതിനുള്ള ഏർപ്പാടു വളരെവേഗം ചെയ്യുമോ?

ശ്രീ. ടി. വി. തോമസ്: സെപ്തംബറിൽ നടക്കുന്ന ലേലത്തിൽ പങ്കെടുത്തുകൊണ്ടു് ആവശ്യമായ കശുവണ്ടി വാങ്ങിക്കണമെന്നാണു് കരുതുന്നതു്.

ശ്രീ. ആർ. എസ്. ഉണ്ണി: അങ്ങനെയാണെന്നുണ്ടെങ്കിൽ ആ കശുവണ്ടി ഉപയോഗിച്ചു് വ്യവസായം നടത്തേണ്ട ഫാക്ടറികളും എത്രയെല്ലാമാണെന്നും അതിനുവേണ്ടി എത്രയെല്ലാം ഫാക്ടറികളും ഏറ്റെടുക്കണമെന്നുമുള്ളതിനെ സംബന്ധിച്ചു തീരുമാനമെടുത്തു ആവശ്യമായ നടപടികളും തുടങ്ങേണ്ടതല്ലേ?

ശ്രീ. ടി. വി. തോമസ്: അതിനാവശ്യമായ നടപടികളും ആരംഭിക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ടു്. നാളെ കൂടുന്ന ബോർഡിൽ ഇതായിരിക്കും മുഖ്യമായി ചർച്ച ചെയ്യുന്ന വിഷയം.

ശ്രീ. കെ. എം. ജോർജ്: ഈ വ്യവസായത്തിന്റെ പുരോഗതിക്കും, അതിൽ പങ്കെടുക്കുന്ന തൊഴിലാളികളുടെ ഗുണത്തിനുംവേണ്ടി ഈ വ്യവസായം നടത്തുന്നതിനാവശ്യമായ തോട്ടണ്ടി വിദേശത്തുനിന്നും വരുത്താതെ നമ്മുടെ സംസ്ഥാനത്തുതന്നെ കൂടുതൽ കൃഷി ചെയ്യുവാൻ ആവശ്യമായ തോട്ടണ്ടി സമ്പാദിക്കുന്നതിനുള്ള വല്ല പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ടോ? അങ്ങനെ വല്ല നിർദ്ദേശവും ഗവണ്മെന്റിൽനിന്നും കൊടുത്തിട്ടുണ്ടോ? ഇല്ലെങ്കിൽ അതിനാവശ്യമായ നിർദ്ദേശം കൊടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. വി. തോമസ്: ഇത്തരത്തിലുള്ള വിദഗ്ദ്ധമായ അഭിപ്രായം നാളെ കൂടുന്ന ബോർഡിംഗിന്റെ യോഗത്തിനിന്നും ഉണ്ടാകുകയാണെങ്കിൽ ഗവണ്മെന്റ് അതു വളരെ ഗൗരവമായിതന്നെ പരിഗണിക്കുന്നതാണ്.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി മലബാർ യോഗത്തിനുള്ളതിനെക്കാൾ കൂടുതൽ കശുവണ്ടി കൃഷി ചെയ്യുന്നതു് ഈ യോഗത്താണെന്നു്. അതേസമയം ഈ വ്യവസായത്തിനു് ആവശ്യമായ റോമെറീരിയൽസ് ധാരാളമായി ഉണ്ടാക്കുന്നതു മലബാർഭാഗത്തുള്ള കണ്ണൂർ, മലപ്പുറം തുടങ്ങിയ സ്ഥലങ്ങളിലാണു്. അക്കാര്യം പരിഗണിച്ചു് ഇതിനുവേണ്ടി രൂപീകരിച്ചിട്ടുള്ള ബോർഡിൽ മലബാറിൽനിന്നുള്ള ഒരു പ്രതിനിധിയെക്കൂടി ഉൾപ്പെടുത്തുമോ?

ശ്രീ. ടി. വി. തോമസ്: ബോർഡു് രൂപീകരിച്ചതു് പ്രാദേശികമായ പരിഗണന വെച്ചുകൊണ്ടല്ല. ഈ വ്യവസായത്തെപ്പറ്റി പൊതുവായി അറിയാവുന്നവരും, ഇതിന്റെ പൊതുപ്രശ്നങ്ങളെ അനുദിനം കൈകാര്യം ചെയ്യുന്നവരും പൊതുവായതാല്പര്യമുള്ളവരും അടങ്ങിയ ഒരു ബോഡായിരിക്കണം ഉണ്ടായിരിക്കേണ്ടതു്. അങ്ങനെ നോക്കുമ്പോൾ പ്രാദേശികമായ പരിഗണന നോക്കാൻ ഒക്കുകയില്ല. പതിനൊന്നു് പേരാണു് ബോർഡിലുള്ളതു്. ഇപ്പോൾ ആ പതിനൊന്നു് പേരും ഉണ്ടു്. അതിലൊരു മാറ്റം വരുത്തണമെന്നു് വിചാരിക്കുന്നില്ല.

ശ്രീ. ബി. മാധവൻനായർ: കശുവണ്ടി കോർപ്പറേഷന്റെ കീഴിൽ സംസ്ഥാനത്തെ കശുവണ്ടിപ്രോസസിംഗ് ഫാക്ടറികളുടെ നിയന്ത്രണംകൂടി വിട്ടുകൊടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ടി. വി. തോമസ്: ഇക്കാര്യങ്ങളെയെല്ലാം പറ്റി ആലോചിക്കേണ്ടതു് ഗവണ്മെന്റല്ല നേരത്തെ പറഞ്ഞുവല്ലോ ബോഡാണു്. ബോർഡിന്റെ തീരുമാനങ്ങളെല്ലാംതന്നെ വളരെ ഗൗരവത്തോടുകൂടി ഗവണ്മെന്റിൽനിന്നും പരിഗണിക്കുന്നതാണു്.

ശ്രീ. എ. വി. കുഞ്ഞമ്പു: മാസങ്ങളോളമായി പൂട്ടികിടക്കുന്ന തലശ്ശേരിയിലുള്ള കശുവണ്ടി ഫാക്ടറി ഏറ്റെടുത്തു തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ ഉടനെ സ്വീകരിക്കുമോ?

ശ്രീ. ടി. വി. തോമസ്: ഏറ്റെടുക്കേണ്ട വ്യവസായശാലകളെപ്പറ്റി പൊതുനിർദ്ദേശം കൊടുത്ത കൂട്ടത്തിൽ തലശ്ശേരിയിലെ ഫാക്ടറിയും ഉൾപ്പെടുത്തിയിട്ടുണ്ടു്.

ശ്രീ. പി. കുഞ്ഞൻ: കയർവ്യവസായത്തിലെ പ്രൈമറി സൊസൈറ്റികൾ സാമ്പത്തികപരമായി വളരെയധികം അധഃപതിച്ചു വരുന്നതുകൊണ്ടു് അത്തരം സൊസൈറ്റികളെ ഈ കോപ്പറേഷന്റെ പ്രവർത്തനപരിധിയിൽകൊണ്ടുവന്നു് പുനരുദ്ധരിക്കുന്നതിനുള്ള ഏതെങ്കിലും പുതിയ ഒരു സ്കീം നടപ്പിലാക്കുമോ?

ശ്രീ. ടി. വി. തോമസ്: ഇപ്പോൾ പുതിയ സ്കീമൊന്നുംതന്നെ നടപ്പിൽവന്നിട്ടില്ല.

ശ്രീ. വി. എസ്., അച്യുതാനന്ദൻ: വളരെവേഗത്തിൽതന്നെ ഈ കോർപ്പറേഷൻ ഉൽഘാടനം ചെയ്യാൻ സാധിക്കുമെന്നു് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. വളരെവേഗം എന്നു പറഞ്ഞാൽ അതെത്രയാണെന്നു് ഒരു നിശ്ചിതത്വം മനസ്സിലാക്കാൻ കഴിയുന്നില്ല. അതുകൊണ്ടു് വളരെ വേഗത്തിന്റെ വ്യാപ്തി ഒന്നു് വ്യക്തമാക്കുമോ?

ശ്രീ. ടി. വി. തോമസ്: ആഗസ്റ്റ് മാസം അവസാനിക്കുന്നതിനുമുമ്പോ സെപ്തംബർമാസം ആദ്യവാരത്തിലോ പ്രവർത്തനം ആരംഭിക്കണമെന്നാണു് നിർദ്ദേശം കൊടുത്തിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. രാമുണ്ണി: ഈ ബോർഡിന്റെ രൂപീകരണത്തിൽ മലബാർ വിഭാഗത്തുള്ളവരെ തീരെ അവഗണിച്ചിരിക്കുകയാണു്. മലബാർ ഭാഗത്തുള്ളവർക്കു കൂടി ഇതിൽ പ്രാതിനിദ്ധ്യം കൊടുക്കുന്നതിനുവേണ്ടി ഇപ്പോഴത്തെ നോമിനേറ്റു ചെയ്തിട്ടുള്ള പതിനൊന്നു പേരിൽ ഒരാളുടെ പേരു് ഡ്രോപ്പു് ചെയ്തിട്ടു് മലബാറിലുള്ള ഒരാളെ കൂടി ഇതിൽ നോമിനേറ്റു ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിക്കുമോ?

ശ്രീ. ടി. വി. തോമസു്: കോർപ്പറേഷൻ ഒരു ജോയിന്റു സ്റ്റോക്കു് കമ്പനിയാണു്. പതിനൊന്നു പേരാണു് ബോർഡിൽ ഉള്ളതു്. ഇപ്പോഴത്തെ നോമിനേറ്റു ചെയ്തവരിൽനിന്നും ആരെയെങ്കിലും ഡ്രോപ്പു് ചെയ്യാനുള്ള അധികാരമില്ല. മാത്രമല്ല അങ്ങനെ ചെയ്യുകയാണെങ്കിൽ നിയമപരമായി അതു് ശരിയായിരിക്കുകയില്ല.

നാഷണൽ ഹൈവേയിലെ കേടുവന്ന പാലങ്ങൾ

* 119. [418] ശ്രീ. എ. പി. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മരാമത്തുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ നാഷണൽ ഹൈവേയിൽ (എൻ. എച്ചു്. 47-ൽ) കേടുവന്നിട്ടുള്ള പാലങ്ങൾ പുതുക്കിപ്പണിയുന്നതിനു് എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്തു നടപടിയെന്നു പറയുമോ;

(സി) ഇങ്ങനെ എത്ര പാലങ്ങൾക്കു് കേടുപറ്റിയിട്ടുണ്ടു്;

(ഡി) അങ്കമാലിക്കടുത്തുള്ള മംഗലത്താഴംപാലം ഇക്കൂട്ടത്തിൽ പെടുമോ?

മരാമത്തുമന്ത്രി (ശ്രീ. ടി. കെ. ദിവാകരൻ):

(എ) ഉണ്ടു്.

(ബി) മൂന്നാം പഞ്ചവത്സരപദ്ധതിയിൽ മുന്നു് പാലങ്ങൾ പുതുക്കി പണിയുന്നതിനു് കേന്ദ്രഗവണ്മെന്റിന്റെ അനുവാദം ലഭിച്ചിട്ടുണ്ടു്. നാലാംപദ്ധതിയിൽ കേടുവന്ന 13 പാലങ്ങൾ പുതുക്കി പണിയുന്നതിനുള്ള പദ്ധതി കേന്ദ്രഗവണ്മെന്റിനു് സമർപ്പിച്ചിട്ടുണ്ടു്. ഇവയിൽ 1969–70 സാമ്പത്തിക വർഷത്തിൽ നാലു പാലങ്ങളുടെ പണി ഏറ്റെടുക്കുന്നതിനു് കേന്ദ്രഗവണ്മെന്റിന്റെ അംഗീകാരം കിട്ടിയിട്ടുണ്ടു്. മറ്റു രണ്ടു പാലങ്ങൾകൂടി ഇക്കൊല്ലംതന്നെ പുതുക്കിപ്പണിയുന്നതിനു് ഇൻഡ്യാ ഗവണ്മെന്റിന്റെ അനുവാദം ചോദിച്ചിട്ടുണ്ടു്.

(സി) പതിനാറു് എണ്ണം.

(ഡി) കേന്ദ്രഗവണ്മെന്റിന്റെ അംഗീകാരം ലഭിച്ചിട്ടുള്ളതിൽ മംഗലത്താഴം പാലവും ഉൾപ്പെടുന്നു.

ശ്രീ. എ. പി. കുര്യൻ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ ഉത്തരത്തിൽ 1969–70 സാമ്പത്തിക വർഷത്തിൽ നാലു പാലങ്ങളുടെ പണി ഏറ്റെടുക്കുന്നതിനു് കേന്ദ്രഗവണ്മെന്റിന്റെ അംഗീകാരം കിട്ടിയിട്ടുണ്ടെന്നു് പറയുകയുണ്ടായി. അതിന്റെ പ്രവൃത്തി എന്നത്തേക്കു് ആരംഭിക്കും?

ശ്രീ. ടി. കെ. ദിവാകരൻ: നാഷണൽ ഹൈവേയിലുള്ള പാലങ്ങൾ പുതുക്കിപ്പണിയുന്നതിനു് കേന്ദ്രഗവണ്മെന്റിന്റെ അനുവാദം ആവശ്യമാണു്. 1969–70–ൽ നാലു പാലങ്ങൾ പണിയുന്നതിനുള്ള അനുവാദം കേന്ദ്രഗവണ്മെന്റിൽനിന്നും കിട്ടിയിട്ടുണ്ടു്. അതിൽ മംഗലത്താഴം പാലവും ഉൾപ്പെടും.

LIBRARY ARCHIVES Kerala Legislative Assembly